## പ്രധാനമന്ത്രി നമീബിയൻ പാർലമെന്റിനെ അഭിസംബോധന ചെയ്തു (ജൂലൈ 09, 2025)

ജൂലൈ 09, 2025

ദേശീയ അസംബ്ലി സ്പീക്കർ സാറ കൂഗോംഗെൽവയുടെ ക്ഷണപ്രകാരം പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്നു നമീബിയൻ പാർലമെന്റിനെ അഭിസംബോധന ചെയ്തു. നമീബിയൻ പക്ഷത്തുനിന്നുള്ള ഈ പ്രത്യേക നടപടി പ്രധാനമന്ത്രിയുടെ നമീബിയയിലേക്കുള്ള ഔദ്യോഗിക സന്ദർശനത്തെ കൂടുതൽ അർത്ഥപൂർണ്ണമാക്കി.

2. പാർലമെന്റിനെ അഭിസംബോധന ചെയ്തുകൊണ്ട്, പ്രധാനമന്ത്രി "ജനാധിപത്യത്തിന്റെ മാതാവ്" ആയ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ ആശംസകൾ നമീബിയ സഭയിലെ അംഗങ്ങളെയും സൗഹാർദ്ദം പുലർത്തുന്ന ജനതയെയും അറിയിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള ചരിത്രപരമായ ബന്ധവും സ്വാതന്ത്ര്യത്തിനായുള്ള സമാന പോരാട്ടവും അനുസ്മരിച്ചുകൊണ്ട് പ്രധാനമന്ത്രി, നമീബിയയുടെ സ്ഥാപക പിതാവായ ഡോ. സാം നുജോമയുടെ പ്രവർത്തനങ്ങൾക്ക് ശ്രദ്ധാഞ്ജലിയർപ്പിച്ചു. രണ്ടു രാജ്യങ്ങളുടെയും സ്ഥാപക നേതാക്കന്മാർ മുന്നോട്ടുവച്ച ജനാധിപത്യ മൂല്യങ്ങളും തത്വങ്ങളും ഇരു രാജ്യങ്ങളുടെയും പുരോഗതിയുടെ പാതയെ ദീപ്തമാക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. രാജ്യത്തെ ജനാധിപത്യത്തിന് കരുത്തേകുന്നതിൽ നമീബിയ ഗവൺമെന്റിന്റെയും ജനതയുടെയും പങ്കിനെ അദ്ദേഹം പ്രശംസിച്ചു.

3. നമീബിയയുടെ പരമോന്നത ബഹുമതി തനിക്ക് നൽകിയതിന് പ്രധാനമന്ത്രി നമീബിയ ജനതയ്ക്ക് നന്ദി അറിയിച്ചു. ഇന്ത്യ-നമീബിയ ജനാധിപത്യ രാജ്യങ്ങളുടെ നേട്ടങ്ങൾക്കുള്ള ആദരവാണ് ഈ പ്രത്യേക നടപടിയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വാതന്ത്ര്യം, സമത്വം, നീതി എന്നിവയുടെ കാവൽക്കാർ എന്ന നിലയിൽ, ഗ്ലോബൽ സൗത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കാൻ അദ്ദേഹം ഇരുരാജ്യങ്ങളോടും ആഹ്വാനം ചെയ്തു, അതിലൂടെ അവിടുത്തെ ജനങ്ങളുടെ ശബ്ദം ഉയർന്നു കേൾക്കുക മാത്രമല്ല, അവരുടെ പ്രതീക്ഷകളും അഭിലാഷങ്ങളും പൂർണ്ണമായും സാക്ഷാത്കരിക്കാനും സാധിക്കും. G-20 യുടെ അധ്യക്ഷസ്ഥാനം വഹിച്ചിരുന്ന കാലയളവിൽ ആഫ്രിക്കൻ യൂണിയനെ ഗ്രൂപ്പിൽ

സ്ഥിരാംഗമാക്കിയത് പോലെ ആഫ്രിക്കയുടെ പുരോഗതിക്കായി ഇന്ത്യ എപ്പോഴും പ്രവർത്തിക്കുമെന്ന് അദ്ദേഹം അടിവരയിട്ടു പറഞ്ഞു. നമീബിയയുമായും ഭൂഖണ്ഡത്തിലെ മറ്റു രാജ്യങ്ങളുമായും വികസന അനുഭവം പങ്കിടാൻ ഇന്ത്യക്ക് അവസരം ലഭിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ശേഷി വർധിപ്പിക്കുന്നതിനും നൈപുണ്യവികസനത്തിനും പ്രാദേശിക നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും ആഫ്രിക്കയുടെ അജണ്ട 2063-നു പിന്തുണയേകുന്നതിനും പ്രതിജ്ഞാബദ്ധമാണ് ഇന്ത്യയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

4. തനിക്കു നൽകിയ ബഹുമതിക്ക് പ്രധാനമന്ത്രി സ്പീക്കറോടു നന്ദി പറഞ്ഞു. രണ്ടു ജനാധിപത്യരാജ്യങ്ങളും എല്ലാക്കാലവും അഭിവൃദ്ധി പ്രാപിക്കുന്നതിനായി ഇരുരാജ്യങ്ങളിലെയും ജനങ്ങൾ തമ്മിലുള്ള കൂടുതൽ ആശയവിനിമയത്തിന് അദ്ദേഹം ആഹ്വാനം ചെയ്തു. നാം പോരാടി നേടിയ സ്വാതന്ത്ര്യം മാത്രമല്ല, നമ്മൾ ഒരുമിച്ചു കെട്ടിപ്പടുക്കുന്ന ഭാവിയും നമ്മുടെ കുട്ടികൾ അനുഭവിക്കട്ടെ" – പ്രസംഗം അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രിയുടെ പ്രസംഗം പൂർണ്ണമായി ഇവിടെ കാണാം.

**വിൻഡ്ഹോക്ക്**

**ജൂലൈ 09, 2025**